**വിവരാവകാശം / മറുപടി**

നമ്പർ: E5-30105/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 18.8.2017

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
തിരുവനന്തപുരം.

ശ്രീ. ജിനീഷ്. റ്റി
റ്റി. റ്റി സദനം
പുലപ്പക്കാവുവിള
കല്ലിയൂർ (പി.ഒ)
തിരുവനന്തപുരം.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - വിവരാവകാശം - മറുപടി - നൽകുന്നത് - സംബന്ധിച്ച് -

സൂചന: 1) വിവരാവകാശ നിയമപ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷ; തീയതി: 27.7.17.
2) 16.8.2017 തീയതിയിൽ താങ്കൾ സമർപ്പിച്ച കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. വിവരാവകാശ നിയമപ്രകാരം താങ്കൾ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

21/8/17

രാജീവ് കുമാർ. എസ്
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്

db@

നം.ICDS/PNCD/1302/2012

ശിശുവികസന പദ്ധതി ഓഫീസ്,
പോത്തൻകോട്,
തീയതി : 16..02..2013

ശിശുവികസന പദ്ധതി ഓഫീസർ,
ഐ.സി.ഡി.എസ്.പോത്തൻകോട്

സാമൂഹ്യനീതി ഡയറക്ടർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം

സർ,

വിഷയം:- സാമൂഹ്യനീതി വകുപ്പ്- ഐ.സി.ഡി.എസ്.പോത്തൻകോട്- ജീവനക്കാര്യം-ശ്രീ.ജിനീഷ്.റ്റി, വാച്ച്മാൻ- അനധികൃതമായി ജോലിയിൽ ഹാജരാകാത്തത് -വിവരം അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ 24/12/2012, 17/1/2013 എന്നീ തീയതികളിലെ ഇതേ നമ്പർ കത്തുകൾ.

***

ഈ കാര്യാലയത്തിൽ വാച്ച്മാനായി ജോലി ചെയ്തുവരുന്ന ശ്രീ.ജിനീഷ്.റ്റി 4/12/2012 മുതൽ ഓഫീസിൽ ഹാജരാകുന്നില്ല. 4/12/12 മുതൽ 20/12/212 വരെ മെഡിക്കൽ ലീവ് ആവശ്യപ്പെട്ടുകൊണ്ട് 9/12/12 തീയതിയിൽ ഒരു അവധി അപേക്ഷ ഈ ഓഫീസിൽ എത്തിച്ചതിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്ന് മാത്രമല്ല അവധി അപേക്ഷയിൽ സൂചിപ്പിച്ച 20/12/12ന് ശേഷം ഓഫീസിൽ ഹാജരായിട്ടുമില്ല. ജോലിയിൽ പ്രവേശിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൾക്ക് സൂചന പ്രകാരം രണ്ട് കത്തുകൾ ഈ ഓഫീസിൽ നിന്നും അയച്ചിട്ടും ഇതുവരെയും ടിയാൾ ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്ന വിവരം അങ്ങയുടെ അറിവിലേക്കായി അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

ശിശുവികസന പദ്ധതി ഓഫീസർ,
പോത്തൻകോട്

നം. ഇ5 - 4116/12

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 30.03.2013.

സാമൂഹ്യ നീതി ഡയറക്ടർ.

ശ്രീ. T. ജിനീഷ്,
T.T. സദനം,
പുലപ്പാക്കാവ് വിള,
കല്ലിയൂർ, P.O,
തിരുവനന്തപുരം.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ്-ജീവനക്കാര്യം- ശ്രീ. T. ജിനീഷ്, വാച്ച്മാൻ, ICDS പോത്തൻകോട് - ഓഫീസിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തത് - സംബന്ധിച്ച്:

സൂചന :- പോത്തൻകോട് സി ഡി പി ഒ യുടെ 16.2.13 ലെ ICDS/PNCD/1302/12 നമ്പർ കത്ത്.

പോത്തൻകോട് ICDS ലെ വാച്ച്മാനായ ശ്രീ. T. ജിനീഷ്, 20.12.12 ന് ശേഷം അനധികൃതമായി ജോലിക്ക് ഹാജരാകുന്നില്ല എന്ന് സൂചന പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ താങ്കളുടെ ഈ പ്രവൃത്തി ഗുരുതരമായ കൃത്യ വിലോപമായി കാണുന്നു. ആയതിനാൽ താങ്കൾക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് മുന്നോടിയായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് സാമൂഹ്യ നീതി ഡയറക്ടറെയോ സാമൂഹ്യ നീതി അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെയോ, ഈ കത്ത് കൈപ്പറ്റി 5 ദിവസത്തിനകം നേരിട്ട് ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കൾക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ആർ. സഞ്ജീവ്,
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

PS

**വിവരാവകാശം / മറുപടി**

നമ്പർ: E5-30105/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 25.9.2017.

പത്മ. വി
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പീൽ അധികാരി (i/c)
സാമൂഹ്യനീതി ഡയറക്ടറേറ്റ്.

ശ്രീ.ജിനീഷ്. T
T.T. സദനം,
പുലപ്പക്കാവു വിള
കല്ലിയൂർ, കല്ലിയൂർ പി.ഒ
തിരുവനന്തപുരം.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വിവരാവകാശം - അപ്പീൽ- മറുപടി- സംബന്ധിച്ച്-

സൂചന:
1) വിവരാവകാശ നിയമപ്രകാരം താങ്കൾ 27.7.17ൽ നൽകിയ അപേക്ഷ.
2) സാമൂഹ്യനീതി ഡയറക്ടറേറ്റ് സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസറുടെ 9.8.17ലെ നം.ഇ5-30105/17(1) നമ്പർ മറുപടി.
3) 16.8.17ലെ താങ്കളുടെ കത്ത്.
4) സാ.നീ.ഡയറക്ടറേറ്റ് സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസറുടെ 18.8.17ലെ E5-30105/17നം. കത്ത്.
5) 8.9.17 തീയതിയിൽ താങ്കൾ സമർപ്പിച്ച അപ്പീൽ അപേക്ഷ.

F&a
27/9/17

താങ്കളുടെ അപ്പീൽ അപേക്ഷ പരിശോധിച്ചു. സൂചന 1-ലെ കത്തിൽ താങ്കൾ ആവശ്യപ്പെട്ട വിവരങ്ങളിൽ ചോദ്യം 2, 4, 5, 6 എന്നിവക്ക് കുറച്ചു കൂടി വ്യക്തത വരുത്തി മറുപടി നൽകുന്നു.

ചോദ്യം (2): താങ്കളെ സർവ്വീസിൽ നിന്നും പിരിച്ച് വിടാൻ തീരുമാനിച്ച് കൊണ്ട് 6.4.16ൽ പുറപ്പെടുവിച്ച കാരണംകാണിക്കൽ നോട്ടീസ് താങ്കൾ കൈപ്പറ്റിയ ശേഷം 7.10.16ൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കിയ കത്തിന്റെ അടിസ്ഥാനത്തിൽ 6.4.16ലെ കാരണം കാണിയ്ക്കൽ നോട്ടീസിലെ തീരുമാനം സ്ഥിരപ്പെടുത്തി കൊണ്ട് 10.11.16 തീയതിയിലെ E5-4316/12നം. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ചോദ്യം (4): താങ്കൾ പാറശ്ശാല ശിശുവികസന പദ്ധതി ഓഫീസർ മുഖേന ലഭ്യമാക്കിയ പരാതി പരിശോധിച്ചതിന് ശേഷം താങ്കളുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് പാറശ്ശാല ശിശുവികസനപദ്ധതി

ഓഫീസറോട് ആവശ്യപ്പെട്ടിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടർക്ക് സി.ഡി.പി.ഒ 16.3.13ൽ സമർപ്പിച്ച കത്തിൽ താങ്കൾ വൈകുന്നേരം 5 മണിയ്ക്ക് ഡ്യൂട്ടിയ്ക്ക് എത്തുന്നില്ലെന്നും രാവിലെ 8 മണിവരെ ഡ്യൂട്ടിയിൽ ഇല്ല എന്നും റിപ്പോർട്ടു ചെയ്തതായി അറിയിച്ചിട്ടുണ്ട്.

ചോദ്യം (5) ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ (ക്ലാസ് IV വിഭാഗം) തസ്തികയിലെ 1.1.2001 മുതൽ 13.12.2010 വരെയുള്ള ജീവനക്കാരുടെ താത്കാലിക സീനിയോറിറ്റി ലിസ്റ്റ് 18.5.2015ൽ പ്രസിദ്ധീകരിക്കുകയും ആക്ഷേപം / പരാതി ആവശ്യപ്പെടുകയും ചെയ്തിരുന്നു. താങ്കളുടെ പേര് താത്കാലിക ലിസ്റ്റിൽ ഉൾപ്പെട്ടില്ലായെന്നും ഇതിനെതിരെ താങ്കൾ പരാതി സമർപ്പിച്ചിട്ടില്ലെന്നും ഫയൽ പരശോധിച്ചതിൽ കാണുന്നു.

ചോദ്യം (6): താങ്കൾക്ക് ലഭിക്കാതിരുന്നത് ഏത് Pay revision പ്രകാരമുള്ള ശമ്പള നിർണ്ണയമാണെന്നും താങ്കൾ ഏത് കാര്യാലയത്തിൽ ജോലി ചെയ്തിരുന്നപ്പോഴാണെന്നും അറിയിച്ചാൽ താങ്കൾക്ക് വിവരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

താങ്കളുടെ 8.9.17ലെ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന സംഗതികൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1) താങ്കൾ സൂചന (1) പ്രകാരം നൽകിയ അപേക്ഷയിലെ 3- ാം നമ്പർ ചോദ്യവുമായി ബന്ധപ്പെട്ട ഫോറൻസിക് റിപ്പോർട്ട് ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല.

2, 3) സൂചന (1) കത്തിലെ 1ഉം 3ഉം ചോദ്യത്തിന് താങ്കൾ സൂചന(3) പ്രകാരം 50 രൂപയുടെ ചെല്ലാൻ അടച്ച്, രസീത് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ സൂചന (4) പ്രകാരം ബന്ധപ്പെട്ട ഫയലിലെ വിവരങ്ങൾ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ലഭ്യമാക്കിയിട്ടുണ്ട്.

മേൽ വിവരങ്ങൾ തൃപ്തികരമല്ലായെങ്കിൽ മറുപടി ലഭിച്ച് 90 ദിവസത്തിനകം അപ്പീൽ അധികാരി -2 ആയ സംസ്ഥാന വിവരാവകാശ കമ്മീഷണർക്ക് അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
& അപ്പലറ്റ് അതോറിറ്റി (i/c)
സാമൂഹ്യനീതി വകുപ്പ്

*db@17*